**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 903** **29-08-2022 - ൽ മറുപടിയ്ക്ക്**

**പ്രാക്തന ഗോത്രവിഭാഗക്കാരുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ ബദിയഡുക്കയിലും സമീപ പ്രദേശങ്ങളിലും താമസിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെ ക്ഷേമം മുൻനിർത്തി 2016 മുതൽ നാളിതുവരെ എന്തൊക്കെ പദ്ധതികളാണ് വകുപ്പ് മുൻകൈ എടുത്ത് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും ഈ വിഭാഗക്കാരെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2016മുതൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, സ്വയം തൊഴിൽ, വിവാഹധനസഹായം, ഭക്ഷ്യധാന്യ വിതരണം, ചികിത്സാധനസഹായം, കുടിവെള്ള പദ്ധതി, വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സംബന്ധമായ സഹായങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങളാണ് നിലവിൽ ജില്ലയിൽ അധിവസിക്കുന്നതെന്ന വിവരം ലഭ്യമാക്കാമോ? | (ബി) | ജില്ലയിൽ ഈ വിഭാഗത്തിൽപ്പെട്ട 542 കുടുംബങ്ങൾ താമസിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ